**പതിമൂന്നാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2533** | **19.03.2015 ലെ മറുപടിയ്ക്ക്**

## ഡാമുകളുടെ സംഭരണശേഷി

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ അണക്കെട്ടുകളിൽ എക്കൽ അടിഞ്ഞുകൂടി സംഭരണ ശേഷി കുറയുന്നത് സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) , പീച്ചി പഠനം നടത്തിവരികയാണ്. നൂതനസാങ്കേതികവിദ്യയായ ഇന്റഗ്രേറ്റഡ്ബാത്തിമെട്രിക്ക് സിസ്റ്റം (IBS) ഉപയോഗിച്ചാണ് KERI പഠനം നടത്തുന്നത്. ഇതിൻപ്രകാരം ജലസേചന വകുപ്പിന് കീഴിലുള്ള മലമ്പുഴ, പീച്ചി, കാഞ്ഞിരപ്പുഴ, മംഗലം, വാഴാനി, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, വാളയാർ പൂമല, കുറ്റിയാടി, നെയ്യാർ, പഴശ്ശി, ശിരുവാണി എന്നീ അണക്കെട്ടുകളിൽ KERI പഠനം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ജലസംഭരണികളിൽ നിന്ന് എക്കൽ നീക്കം ചെയ്യുവാനും, സംരക്ഷണ ശേഷി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) ഇതിനായി ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) സംസ്ഥാനത്തെ ജലസംഭരണികളിൽ നിന്ന് എക്കൽ മണ്ണ് നീക്കം ചെയ്യുവാൻ തീരുമാനിക്കുകയും അത് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യമായി എക്കൽ നീക്കം ചെയ്യുവാൻ ജലസേചനവകുപ്പിന്റെ മീങ്കര അണക്കെട്ടിനെയും കെ.എസ്.ഇ.ബി യുടെ കുണ്ടള അണക്കെട്ടിനെയും തിരഞ്ഞെടുത്തു. |

സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപന നടത്തുന്നതിനുവേണ്ടി, ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാസമിതി രൂപീകരിച്ചിട്ടുണ്ട്. ടി ജില്ലാസമിതി ജില്ലാകളക്ടർമാർ വിളിച്ചുചേർത്ത് അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ സാങ്കേതിക മാനദണ്ഡങ്ങൾ അനുസരിച്ചു നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കി അതനുസരിച്ച് സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിന് നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ